**കണ്ണൂർ സർവ്വകലാശാല**
(വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടറുടെ കാര്യാലയം )
താവക്കര ,സിവിൽ സ്റ്റേഷൻ പി ഓ ,കണ്ണൂർ-670002

DSS/A1/202/CUE/2021-22 (I)
17.01.2022

**പത്രക്കുറിപ്പ്**
**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് തീയതി**

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലും സർവ്വകലാശാല കാമ്പസുകളിലും 2021 –22 വർഷത്തേക്കുള്ള വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ്, 2022 ജനുവരി 28ന് **(വെള്ളിയാഴ് ച്ച)** കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം 18/01/2022 ന് അതത് കോളേജുകളിൽ/ക്യാമ്പസുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. തെരഞ്ഞെടുപ്പ് ഷെഡ്യൂൾ സർവ്വകലാശാല വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് കോളേജ് പ്രിൻസിപ്പൽമാരും, ക്യാമ്പസ് ഡയറക്ടർമാരും വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഷെഡ്യൂൾ പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രാഥമിക വോട്ടർ പട്ടിക 2022 ജനുവരി 19 ന് ഉച്ചയ്ക്ക് 12.30 നും അന്തിമ വോട്ടർ പട്ടിക 2022 ജനുവരി 20 ന് ഉച്ചയ്ക്ക്ശേഷം 4 മണിക്കും പ്രസിദ്ധീകരിക്കുന്നതാണ്. ജനുവരി 21 ന് ഉച്ചയ്ക്ക് 1 മണി വരെ നോമിനേഷൻ സമർപ്പിക്കാവുന്നതാണ് . ജനുവരി 21 ന് ഉച്ചയ്ക്ക് ശേഷം 3 മണിക്കാണ് സൂക്ഷ്മ പരിശോധന.

നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി 2022 ജനുവരി 22 ന് 4.30 മണിയാണ് 2022 ജനുവരി 24 ന് വൈകുന്നേരം 4 മണിക്ക് അന്തിമ സ്ഥാനാർഥി പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. ജനുവരി 28 ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ തെരഞ്ഞെടുപ്പും, ഉച്ചയ്ക്ക് 2 മണിക്ക് വോട്ടെണ്ണലും, തുടർന്ന് ഫലപ്രഖ്യാപനവും നടത്തുന്നതാണ്.

ഡോ .നഫീസ ബേബി ടി പി
ഡയറക്ടർ ഓഫ് സ്റ്റുഡൻറ് സർവീസസ്

സ്വീകർത്താവ്

1 ) പബ്ലിക്ക് റിലേഷൻസ് ഓഫീസർ

2 ) കമ്പ്യൂട്ടർ പ്രോഗ്രാമർ
(സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)